# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എ.കെറ്റിഎം. പി13/96/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 08/02/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കിടങ്ങൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എ.കെറ്റിഎം. പി13/96/23 തീയ്യതി: 08/02/2023

## കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-11-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-01-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തു ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ബീനാകുമാരി സി ആർ | ഡെപ്യൂട്ടി ഡയറക്ടർ | 05-01-2023 | 13-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-01-2023 | 13-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഇന്ദുലേഖ എ, ഓഡിറ്റ് ഓഫീസർ
അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഉണ്ണികൃഷ്ണൻ എം, ഓഡിറ്റർ (ഹ.ഗ്രേ)
കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ബോബിച്ചൻ കീക്കോലിൽ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി. ജിജി റ്റി | സെക്രട്ടറി | 01-04-2021 | 01-07-2021 |
| ശ്രീ. അനീഷ് കുമാർ റ്റി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-07-2021 | 04-07-2021 |
| ശ്രീ. സുരേഷ് കുമാർ കെ | സെക്രട്ടറി | 05-07-2021 | 03-08-2021 |
| ശ്രീ. രാജീവ് എസ് കെ | സെക്രട്ടറി | 04-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. സിന്ധുദേവി സി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. നീതു തോമസ് | കൃഷി ഓഫീസർ | 01-04-2021 | 15-08-2021 |
| ശ്രീമതി. സ്നേഹലത മാത്യൂസ് | കൃഷി ഓഫീസർ | 16-08-2021 | 15-03-2022 |
| ശ്രീമതി. നീതു തോമസ് | കൃഷി ഓഫീസർ | 16-03-2022 | 31-03-2022 |
| ശ്രീ. അനീഷ് കുമാർ റ്റി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി. വിജി വിശ്വനാഥ് | ക്ഷീര വികസന ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ജൊവാൻസി മാത്യൂ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രീതി സി | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ലീലാമ്മ ജോസഫ് | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 20-06-2021 |
| ശ്രീമതി. ശ്രീകല എസ് | ഹെഡ്മിസ്ട്രസ്സ് | 21-06-2021 | 31-03-2022 |
| ഡോ. ആർ ഉഷ | സീനിയർ വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. സിസി മൈക്കിൾ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |
| ഡോ. ആർ രേഖ | മെഡിക്കൽ ഓഫീസർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| | (സി എച്ച് സി) കൂടല്ലൂർ | | |
| ഡോ. ജിൻസി കുര്യാക്കോസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2021 | 31-03-2022 |
| ശ്രീമതി. പ്രജിത കെ പി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2021 | 31-03-2022 |
| ശ്രീ. ജെസ്സിൽ എ എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 2 | 01-04-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | വാർഷികപദ്ധതി | 1-5 |
| 6 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | UA നം. നൽകി നികുതി നിർണ്ണയം നടത്തിയ കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കുന്നില്ല - 2012-13 വർഷം മുതലുള്ള നികുതി കുടിശ്ശിക നിലനിൽക്കുന്നു | 1-11 |
| 12 | മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ - വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല | 1-12 |
| 13 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 14 | പാരാമെഡിക്കൽ സ്ഥാപനം ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 15 | MSME രജിസ്ട്രേഷൻ വിശദാംശങ്ങൾ ലഭ്യമല്ല - MSME ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ചു | 1-15 |
| 16 | വാടക - അപാകതകൾ | 1-16 |
| 17 | ഇ-ടെണ്ടർ ഫോറവില 2016-17 സാമ്പത്തിക വർഷം മുതലുള്ള തുക അക്കൌണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല | 1-17 |
| 18 | കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവന രേഖകൾ പരിപാലിക്കുന്നില്ല | 1-18 |
| 19 | ഗ്യാസ് ക്രിമറ്റോറിയം - ഉദ്ഘാടനം - ചെലവ് അധികരിച്ചു | 1-19 |
| 20 | പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾ കണ്ടെത്താനായി പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല. | 1-20 |
| 21 | ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- തുടർ നടപടികൾ കൈക്കൊള്ളുന്നതിൽ കാലതാമസം. | 1-21 |
| 22 | തെരുവ് നായ പ്രജനന നിയന്ത്രണം - കുടുംബശ്രീ ജില്ലാ മിഷന് തുക | 1-22 |

| | | |
|---|---|---|
| | കൈമാറൽ - പൂർത്തീകരണ വിവരം പഞ്ചായത്തിൽ ലഭ്യമായിട്ടില്ല | |
| 23 | ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾക്കായി ഇ-ഓട്ടോ വാങ്ങൽ - ലോഗ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്. | 1-23 |
| 24 | മത്സ്യകൃഷി - ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടില്ല | 1-24 |
| 25 | ഹരിതമിത്രം - സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പ്രവർത്തനം പൂർത്തീകരിക്കേണ്ടതാണ് | 1-25 |
| 26 | വിവിധ കുടിവെള്ളപദ്ധതികൾക്ക് മോട്ടോർ വാങ്ങി നൽകൽ - വിശദാംശങ്ങൾ ലഭ്യമായില്ല | 1-26 |
| 27 | വകയിരുത്തിയ ഫണ്ട് അനുവദിക്കാതിരുന്നതിനാൽ സബ്സിഡി തുക പൂർണ്ണമായും വിതരണം ചെയ്തില്ല | 1-27 |
| 28 | കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ. | 1-28 |
| 29 | വയോജന വിശ്രമകേന്ദ്രം - ആവശ്യകത നിർണ്ണയിച്ചില്ല. | 1-29 |
| 30 | മാലിന്യ സംസ്കരണം - തുടർനടപടികളുടെ കാര്യക്ഷമതയില്ലായ്മ | 1-30 |
| 31 | കിടങ്ങൂർ ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല | 1-31 |
| 32 | സാന്ത്വനം പാലിയേറ്റീവ് പരിചരണ പദ്ധതി - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല | 1-32 |
| 33 | കന്നുകുട്ടി പരിപാലന പദ്ധതി - ചെലവ് തടസ്സപ്പെടുത്തുന്നു | 1-33 |
| 34 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-34 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 30.03.2022 തീയതിയിലെ 10(1) നം. തീരുമാനപ്രകാരം പുതുക്കി അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 35196036 | 35196035 |
| വരവ് | 147037000 | 76121962 |
| ആകെ | 182233036 | 111317997 |
| ചെലവ് | 165887500 | 73076153 |
| നീക്കിയിരിപ്പ് | 16345536 | 38241844 |

ബജറ്റ് പ്രകാരം 14.70 കോടി രൂപയുടെ പ്രതീക്ഷിത വരവും, 16.58 കോടി രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്. പഞ്ചായത്തിന്റെ 2021-22 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക (I&E) പ്രകാരം വരുമാനം 12.57 കോടി രൂപയും ചെലവ് 11.71 കോടി രൂപയുമാണ്. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 214-ൽ വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം ആവശ്യമായ മുന്നൊരുക്കം നടത്തി ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ബജറ്റ് തയ്യാറാക്കുന്നതിന് നിയമപരമായ നടപടിക്രമങ്ങൾ എല്ലാം കൃത്യമായി പാലിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പാക്കേണ്ടതാണ്.

## 1-2 വാർഷികധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 18.05.2022ലെ 13(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 351,96,035 രൂപയും തൻവർഷ വരവ് 76121962 രൂപയും തൻവർഷ ചെലവ് 730,76,153 രൂപയും വർഷാവസാന നീക്കിയിരിപ്പ് 382,41,844യും ആകുന്നു. 2021-22 തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 12.57 രൂപയും ആകെ ചെലവ് 11.71 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

2) ഗ്രാമപഞ്ചായത്ത് നാളിതുവരെ ആർജ്ജിച്ച ആസ്തികൾ കൃത്യമായി മൂല്യനിർണ്ണയം നടത്തി സാംഖ്യയിൽ അക്കൗണ്ട് ചെയ്തിട്ടില്ല

3) B-4 ഷെഡ്യൂളിലെ വിവരങ്ങൾ രജിസ്റ്ററുമായി പൂർണ്ണമായും പൊരുത്തപ്പെടുന്നില്ല.

4) റെസിഡൻഷ്യൽ/നോൺ റെസിഡൻഷ്യൽ വസ്തു നികുതി കുടിശ്ശിക/തൻവർഷ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

5) B -9 ഷെഡ്യൂളിൽ സർക്കാരിലേയ്ക്ക് അടവാക്കേണ്ട തുകയുടെ കൃത്യത വ്യക്തമല്ല.

7) I-18 പട്ടികയിലെ വിവരങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

8) ഐ.സി.ഡി.എസ് ഫണ്ട് ഇനത്തിൽ ബാലൻസ് ഷീറ്റ് പ്രകാരം അവശേഷിയ്ക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

9) 156/22 (സെക്രട്ടറി) പ്രോജക്ടും പ്രോജക്ട് ചെലവും സുലേഖ ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

10) ബാലൻസ് ഷീറ്റിൽ സൂചിപ്പിച്ചിരിയ്ക്കുന്ന ഡി& ഒ കുടിശ്ശിക തുകയുടെ കൃത്യത വ്യക്തമല്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 351,96,035 |
| ഓഡിറ്റ് വർഷത്തെ വരവ് | 761,21,962 |
| ആകെ | 1113,17,997 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 730,76,153 |
| നീക്കിയിരിപ്പ് | 382,41,844 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 382,41,844 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1975975 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12885000 | 12885000 | 12885000 | ----- | 100 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 4032606 | 4032606 | 3717000 | 315606 | 92 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 5773 | 5773 | 0 | 5773 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied) | 0 | 7890436 | 7890436 | 3652586 | 4237850 | 46 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 3137170 | 3137170 | 3012786 | 124384 | 96 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 5572617 | 5572617 | 2406004 | 3166613 | 43 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 13361321 | 13361321 | 8079725 | 5281596 | 65 |
| സമ്പൂർണ്ണ ശുചിത്വ | 2045505 | --- | 2045505 | 1781649 | 263356 | 87 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്(TSC) | | | | | | |
| ദാരിദ്ര ലഘൂകരണ മിഷൻ | 15333333 | --- | 15333333 | 15333333 | --- | 100% |
| എൻആർഇജിഎ | 4842.95 | 13749602 | 1375444.95 | 13746773 | 7671.95 | |

വികസന ഫണ്ട് പൊതുവിഭാഗം അലോട്ട്മെന്റ് തുക വികസന ഫണ്ട് എസ് സി പി അലോട്ട്മെന്റ് തുക ആയതിൽ ജി.ഓ പ്രോജക്ട് പ്രകാരം ചെലവഴിച്ച രൂപ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പും വ്യത്യാസപ്പെട്ടിരിക്കുന്നു. കൂടാതെ മെയിന്റനൻസ് ഫണ്ട് റോഡ്, ഗ്രാന്റ് പത്രിക പ്രകാരം ലഭിച്ച തുക പൂർണ്ണമായും സുലേഖ ചെലവു പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, എന്നിവയുടെ അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന് (ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ , വാർഷിക കണക്ക് എന്നിവ പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 വാർഷികപദ്ധതി

ഗ്രാമപഞ്ചായത്തിന്റെ 2021-22ലെ വാർഷികപദ്ധതിക്ക് 20-3-21-ലെ 1(1)- നമ്പർ തീരുമാനപ്രകാരം ഭരണാനുമതിയും ജില്ലാ ആസൂത്രണസമിതിയുടെ 24.03.2022ലെ ഉത്തരവ് നം.8189812 DPC/DPO/KTM പ്രകാരം പുതുക്കിയ അംഗീകാരവും ലഭിച്ചിട്ടുണ്ട്. 25.01.2021ൽ ആസൂത്രണസമിതി യോഗം ചേർന്ന് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട പ്രാഥമികകാര്യങ്ങൾ ചർച്ചചെയ്തു. പദ്ധതി രൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

### വാർഷികപദ്ധതിരൂപീകരണഘട്ടങ്ങൾ

| പ്രവർത്തനഘട്ടം | നടത്തിയ തീയതി |
|---|---|
| ആസൂത്രണസമിതിയോഗം | 25.01.2021 |
| വർക്കിംഗ് ഗ്രൂപ്പുയോഗം | 27.01.2021 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 6.01.2021-9.01.2021 |
| വികസന സെമിനാർ | 16.02.2021 |

### വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ

ആകെ 219 പ്രോജക്ടുകൾക്ക് അംഗീകാരം കിട്ടിയതിൽ പൂർണ്ണമായോ ഭാഗികമായോ നടപ്പാക്കിയ പ്രോജക്ടുകൾക്കുവേണ്ടി 159 മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. വിവിധഫണ്ടിനങ്ങളിലായി ആകെ 1579,95,543 രൂപ വകയിരുത്തിയതിൽ 510,13,340 രൂപയേ ചെലവഴിക്കാനായിട്ടുള്ളൂ. വകയിരുത്തലിന്റെ അടിസ്ഥാനത്തിലുള്ള പദ്ധതിചെലവ് 32 ശതമാനം മാത്രമാണ്.

| അംഗീകാരം ലഭിച്ച പ്രോജക്ടുകളുടെ എണ്ണം | നടപ്പിലാക്കിയ പ്രോജക്ടുകൾ | ആകെ അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| 219 | 161 | 1579,95,543 | 510,13,340 | 32 |

### നിർവ്വഹണോദ്യോഗസ്ഥരുടെ ചെലവുവിവരങ്ങൾ

നിർവ്വഹണചുമതലയുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ പദ്ധതിചെലവിന്റെ വിശദാംശങ്ങൾ താഴെ

ചേർക്കുന്നു.

| ക്രമ നമ്പർ | നിർവഹണ ഉദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ | നടപ്പിലാക്കിയത് | വകയിരുത്തിയ തുക | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ഓഫീസർ | 7 | 7 | 5184285 | 5184285 | 41.7 |
| 2 | വെറ്ററിനറി സർജൻ | 9 | 9 | 3627800 | 2162716 | 60 |
| 3 | മെഡി.ഓഫീസർ, പി.എച്ച്.സി | 7 | 5 | 1533786 | 1006279 | 66 |
| 4 | മെഡി.ഓഫീസർ, ആയുർവേദം | 6 | 3 | 479971 | 890000 | 91 |
| 5 | മെഡി.ഓഫീസർ, ഹോമിയോ | 4 | 4 | 259751 | 259750 | 100 |
| 6 | സബ് ഇൻസ്പെക്ടറ് ഓഫ് ഫിഷറീസ് | 1 | 1 | 246000 | 59200 | 24 |
| 7 | വി.ഇ.ഒ-1 | 12 | 11 | 68999806 | 10730382 | 16 |
| 8 | ഐ.സി.ഡി.എസ് സൂപ്പർവൈസർ. | 7 | 7 | 4899325 | 4473172 | 98 |
| 9 | സെക്രട്ടറി | 50 | 34 | 18794787 | 7772714 | 42 |
| 10 | വി.ഇ.ഒ-1 1 | 14 | 9 | 2507100 | 1449544 | 58 |
| 11 | അസി.എൻജിനീയർ | 84 | 55 | 46025971 | 16841893 | 37 |
| 12 | ക്ഷീരവികസന ഓഫീസർ | 2 | 2 | 1771000 | 1328167 | 75 |
| 13 | അസി.സെക്രട്ടറി | 10 | 8 | 2114823 | 1367553 | 65 |
| 14 | ഹെഡ്മാസ്റ്റർ | 6 | 6 | 1051138 | 542605 | 52 |
| | ആകെ | 219 | 161 | 157995543 | 51013340 | 32 |

അസി.എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ -

അസിസ്റ്റന്റ് എൻജിനീയർക്ക് നിർവ്വഹണ ചുമതലയുണ്ടായിരുന്ന 84 പ്രോജക്ടുകളിൽ 19 എണ്ണം സ്പിൽ ഓവർ പ്രോജക്ടുകളായിരുന്നു. ആയതിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ 55-പ്രോജക്ടുകൾക്കുവേണ്ടി മാത്രമാണ് തൻവർഷം തുക ചെലവഴിച്ചിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളും അനുബന്ധരേഖകളും തൃപ്തികരമായ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. റോഡ് വർക്കുകളിൽ ഒരേ റോഡ് തന്നെ ചെറിയ റീച്ചുകളായി വിഭജിച്ച് ഓരോന്നിനും പ്രത്യേകം പ്രോജക്ടുകൾ ആവിഷ്കരിച്ച് ടെൻഡർനടപടികളും പ്രത്യേകമായി നടത്തപ്പെടുന്നതിനാൽ കൂടുതൽ സമയവും മനുഷ്യദിനങ്ങളും നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. ഷോപ്പിംഗ് കോപ്ളക്സ് ഓഡിറ്റ് വർഷവും നിർമ്മാണം ആരംഭിച്ചിട്ടില്ല. എം.സി.എഫ് നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം ഫലപ്രദമല്ല

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും ചുമതല നിർവ്വഹിച്ചിട്ടില്ല എന്ന് കാണുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 2940 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 316 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 177 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 159 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 25799 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 568 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവൃത്തി, തോട് ആഴം കൂട്ടൽ, വർക്ക്ഷെഡ്, മഴക്കുഴി, തരിശ്ഭൂമി കൃഷിയോഗ്യമാക്കൽ , തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നുണ്ട്. കാഷ്ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവ് | 4842.95 | 433343 | 438185.95 | 430514 | 7671.95 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 13316259 | 13316259 | 13316259 | 0 |
| ആകെ | 4842.95 | 13749602 | 13754444.95 | 13746773 | 7671.95 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ടന്റ് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |
| വാർദ്ധക്യകാല പെൻഷൻ | 27116800 | 18252 |
| കർഷക തൊഴിലാളി പെൻഷൻ | 1697800 | 1218 |
| വിധവാ പെൻഷൻ | 8825800 | 5559 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 651600 | 432 |
| വികലാംഗ പെൻഷൻ | 4121000 | 2629 |
| വിധവകളുടെപെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 180000 | 06 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.01.2023 തീയതിയിൽ 3.30 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 29288/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ

ചേർക്കുന്നു.

ഏതൊരു സ്ഥാപനത്തിന്റെയും ഭരണപരമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു കൊണ്ടുപോകുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അനിവാര്യമാണ്. ഗ്രാമപഞ്ചായത്തിന്റെ വിവിധ മേഖലയിലെ പ്രവർത്തനം വിലയിരുത്തുമ്പോൾ ആഭ്യന്തര നിയന്ത്രണസംവിധാനം നിലനിർത്തുന്നതിൽ ഗ്രാമപഞ്ചായത്ത് കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1) <u>പൊതുനിയന്ത്രണം</u>

ആഭ്യന്തര നിയന്ത്രണ സംവിധാന നിർവ്വഹണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് ഗ്രാമ പഞ്ചായത്തിലെ മൊത്തത്തിലുള്ള ജോലി വിഭജനം നിർണ്ണയിക്കുന്നതിനും അവയിലെ അപാകതകൾ പരിഹരിക്കുന്നതിനുമുള്ള നടപടികൾ അധികൃതർ സ്വീകരിച്ചിട്ടുണ്ട്.

2) <u>അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)</u>

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനമാണ് 31.03.2022 വരെ പിൻതുടർന്നിരുന്നത്. 01.04.2022 മുതൽ ILGMS സംവിധാനമാണ് നിലവിലുള്ളത്.

3) <u>ക്യാഷ്, ബാങ്ക് നിയന്ത്രണം</u>

ഓരോ ഇടപാടുകൾ സംബന്ധിച്ചും ഫലപ്രദമായ കാഷ്/ബാങ്ക് നിയന്ത്രണത്തിൽ അപാകതകൾ നിലവിലില്ല. നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടുകളുടെയും ലിസ്റ്റ്, ചെക്ക്/ഡി.ഡി. എന്നിവയുടെ രേഖകൾ ക്യാഷ്/ബാങ്ക് മുഖേനയുള്ള വരവ് ചെലവുകളുടെ രേഖപ്പെടുത്തൽ, സൂക്ഷിപ്പ്, വരവിൽ നിൽക്കുന്ന ക്യാഷിന്റെ നിക്ഷേപം, ചെലവുകൾ വേർതിരിച്ച് നിയന്ത്രിച്ചും, ചെലവുകൾ വ്യക്തമായി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയും ബാങ്ക് റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയുമുള്ള ക്യാഷ്/ ബാങ്ക് സംബന്ധിച്ച വ്യക്തമായ സംവിധാനം അവലംബിച്ചിട്ടുണ്ട്.

4) <u>നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം</u>

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വസ്തുനികുതി ഉൾപ്പെടെയുള്ള വരവിനങ്ങളിൽ കുടിശ്ശിക അവശേഷിക്കുന്നുണ്ട്.

5) <u>വാങ്ങലുകളിന്മേലും നിർമ്മാണ പ്രവൃത്തികളിന്മേലുള്ള നിയന്ത്രണം</u>

പ്രൊക്യൂർമെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടും കൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും മാത്രമാണ് നടത്തിയിട്ടുണ്ട്.

6) <u>പേ റോൾ നിയന്ത്രണം</u>

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചും, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

7) <u>രജിസ്റ്ററുകളുടെ സൂക്ഷിപ്പ്</u>

കേന്ദ്ര /സംസ്ഥാന ഫണ്ട് വിഹിതങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതും ബി4-പട്ടികയുമായി ബന്ധപ്പെടുത്തി സൂക്ഷിക്കേണ്ട ACR സൂക്ഷിയ്ക്കുന്നില്ല. സർക്കാരിലേയ്ക്ക് അടവാകാനുള്ള ബാധ്യതകളുടെ രജിസ്റ്റർ എന്നിവ കൃത്യമായും കാലികമായും സൂക്ഷിച്ചിട്ടില്ല.

8) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997-ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ആഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/01/2022 | 3/2022 | --- |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2016 | 2010-11 To 2014-15 | LBA(HQ) 8A-2976/22 Dtd12.05.2022 |

1-11 UA നം. നൽകി നികുതി നിർണ്ണയം നടത്തിയ കെട്ടിടത്തിന്റെ വസ്തു നികുതി ഈടാക്കുന്നില്ല - 2012-13 വർഷം മുതലുള്ള നികുതി കുടിശ്ശിക നിലനിൽക്കുന്നു

ഗ്രാമ പഞ്ചായത്തിന്റെ കാവാലിപ്പുഴ വാർഡിൽ (വാർഡ്-IV) സ്ഥിതി ചെയ്യുന്ന ശ്രീ. ബെന്നി മാത്യു, മ്ലാവിൽ, കിടങ്ങൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള, നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളുടെ വിഭാഗത്തിൽ ഉൾപ്പെട്ട 131 A നം. കെട്ടിടം 'വാണിജ്യയാവശ്യത്തിനുള്ള 200 ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ' എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, 2013 വർഷ പ്രാബല്യത്തിൽ, വർധനവുകളും/ഇളവുകളും കണക്കാക്കി, ച. മീറ്ററിന് 70/- രൂപ പ്രകാരം, 972 ച. മീ കെട്ടിടത്തിന് 68,040/- രൂപ വസ്തു നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ, സഞ്ചയ വെബ് പോർട്ടൽ പ്രകാരം, 2012-13 മുതൽ അടിസ്ഥാന വസ്തു നികുതി, ലൈബ്രറി സെസ്സ്, സർവീസ് ടാക്സ് എന്നിവ ഉൾപ്പെടെയുള്ള വസ്തു നികുതി ഈടാക്കാതെ കുടിശ്ശിക നിലനിൽക്കുന്നതായി വ്യക്തമാകുന്നു. സമയബന്ധിതമായി നികുതി തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [18/12.01.2023], മറുപടി ലഭ്യമായിട്ടുണ്ട്. 2012-13 വർഷത്തിൽ UA നം. നൽകി നികുതി നിർണ്ണയം നടത്തിയിരുന്നെങ്കിലും, നികുതി ഈടാക്കിയിരുന്നില്ലെന്നും, നികുതി തുക ഈടാക്കുന്നതിനായി ആർ. ആർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും, ഇപ്പോൾ വിഷയം ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-12 മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവർ - വസ്തു നികുതി കുടിശ്ശിക ഈടാക്കിയില്ല

സഞ്ചയ വെബ് പോർട്ടൽ പ്രകാരം, ഗ്രാമ പഞ്ചായത്തിന്റെ കട്ടച്ചിറ വാർഡിൽ (വാർഡ് XIII) സ്ഥിതി ചെയ്യുന്ന മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ ടവറിന്റെ, അടിസ്ഥാന വസ്തു നികുതി, ലൈബ്രറി സെസ്സ്,

സർവീസ് ടാക്സ് എന്നിവ ഉൾപ്പെടെയുള്ള വസ്തു നികുതി കുടിശ്ശിക വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ്/നം. | മൊബൈൽ സേവനദാതാവ് | കുടിശ്ശിക കാലയളവ് | നികുതി തുക |
|---|---|---|---|
| XIII/541 | M/s റിലയൻസ് ഇൻഫ്ര, കൊച്ചിൻ | 2018 (I) – 2022 (II) | 35,420/- |

സമയബന്ധിതമായി നികുതി തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [17/12.01.2023], നികുതി തുക ഈടാക്കുന്നതിന് ബന്ധപ്പെട്ട സ്ഥാപനത്തിന് 10.01.2023 തീയതിയിൽ ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെന്ന മറുപടി ലഭ്യമായിട്ടുണ്ട്. കുടിശ്ശികയുൾപ്പെടെ നികുതി തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി ഈടാക്കിയില്ല

ഓഡിറ്റ് വർഷം, സ്ഥാപന തൊഴിൽ നികുതി, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടുള്ളതായി ബന്ധപ്പെട്ട രേഖകളിൽ നിന്നും വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ/വ്യക്തിയുടെ പേര് | ഈടാക്കേണ്ട തൊഴിൽ നികുതി | അർദ്ധവർഷം |
|---|---|---|---|
| 1) | അഞ്ജുമോൾ സോമൻ അകൗണ്ടന്റ് കം അസിസ്റ്റന്റ് MGNREGS, കിടങ്ങൂർ | ജീവനക്കാരുടെ തൊഴിൽ നികുതി | I, II |
| 2) | ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വിവിധ റേഷൻ കടകൾ | സ്ഥാപന തൊഴിൽ നികുതി & ജീവനക്കാരുടെ തൊഴിൽ നികുതി | I, II |

സമയ ബന്ധിതമായി നികുതി തുക ഈടാക്കാതിരുന്നതിനുള്ള സാഹചര്യം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [15/12.01.2023], മറുപടി ലഭ്യമായിട്ടില്ല. നികുതി തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-14 പാരാമെഡിക്കൽ സ്ഥാപനം ലൈസൻസ്, രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്തിരാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 ന് അനുബന്ധമായ 1-ാം പട്ടികയിലെ ഇനം 143 പ്രകാരവും 1997-ലെ കേരള പഞ്ചായത്തിരാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങളിലെ ചട്ടം-3 പ്രകാരവും ഒരു ഗ്രാമപഞ്ചായത്തിന്റെ അതിർത്തിക്കുള്ളിൽ മുൻകൂട്ടി രജിസ്റ്റർ ചെയ്യാതെയും ലൈസൻസ് ഇല്ലാതെയും സ്വകാര്യ ആശുപത്രികളും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിക്കാൻ പാടുള്ളതല്ല. അമല ആയുർവേദ ചികിത്സാലയം ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ ഇല്ലാതെ

പ്രവർത്തിക്കുന്നതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (09/11.01.2023) മതിയായ രേഖകൾ ഹാജരാക്കാത്തതിനാൽ ലൈസൻസ് ഫീ, രജിസ്ട്രേഷൻ ഫീ എന്നിവ അടവാക്കിയിട്ടില്ല എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലൈസൻസ് , രജിസ്ട്രേഷൻ എന്നിവയില്ലാതെ സ്ഥാപനം പ്രവർത്തിക്കുന്നത് ചട്ടലംഘനമായതിനാൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 MSME രജിസ്ട്രേഷൻ വിശദാംശങ്ങൾ ലഭ്യമല്ല - MSME ഉപയോഗക്രമത്തിൽ നികുതി നിർണ്ണയിച്ചു

ഗ്രാമ പഞ്ചായത്തിന്റെ കാവാലിപ്പുഴ (വാർഡ് IV) വാർഡിൽ ഉൾപ്പെട്ട ശ്രീമതി. മഞ്ജു സുനിൽ, കാരിയ്ക്കൽ, കിടങ്ങൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള, സിമന്റ് ബ്രിക്ക്സ് നിർമ്മാണത്തിനും വില്പനയ്ക്കുമായി (കാരിയ്ക്കൽ ബ്രിക്ക്സ്) നിർമ്മിക്കപ്പെട്ടിട്ടുള്ള 355 A നം. കെട്ടിടത്തെ, "മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് ആക്റ്റ് 2006 പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ" എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി, വർധനവുകളും/ഇളവുകളും കണക്കാക്കി, ച. മീറ്ററിന് 15/- രൂപ പ്രകാരം, 304 ച. മീ കെട്ടിടത്തിന് 5016/- രൂപ വസ്തു നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ളതാണ്. എന്നാൽ, കേന്ദ്ര സർക്കാരിന്റെ, Ministry Of Micro, Small And Medium Enterprices-ൽ നിന്നും, Micro, Small And Medium Enterprices സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന 'ഉദ്യോഗ് ആധാർ/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ' ബന്ധപ്പെട്ട ഫയലിൽ നിന്നും ലഭ്യമായില്ല. MSMEകളുടെ പ്രവർത്തന അനുമതിയ്ക്ക് ആധാരമായ ടി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്[16/12.01.2023], മറുപടി ലഭ്യമായിട്ടില്ല. Micro, Small And Medium Enterprices സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്ന 'ഉദ്യോഗ് ആധാർ/ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ' ബന്ധപ്പെട്ട സ്ഥാപനത്തിന് ലഭ്യമായിട്ടുണ്ടോയെന്നത് സംബന്ധിച്ച് കൃത്യത ഉറപ്പാക്കാൻ സാധിക്കുന്നില്ല. സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത സാഹചര്യത്തിൽ MSME കളുടെ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി നികുതി നിർണ്ണയം നടത്തിയതിന്റെ സാഹചര്യവും വ്യക്തമാകുന്നില്ല. MSME കളുടെ പ്രവർത്തന അനുമതിയ്ക്ക് ആധാരമായ ടി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും, വസ്തു നികുതിയുമായി ബന്ധപ്പെട്ട്, ടി സ്ഥാപനം MSME ഉപയോഗക്രമത്തിൽ ഉൾപ്പെടാത്ത സാഹചര്യം ഉണ്ടെങ്കിൽ, ആയത് പുനഃപരിശോധിച്ച് വസ്തു നികുതി പുനർനിർണ്ണയിക്കേണ്ടതും തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-16 വാടക - അപാകതകൾ

പഞ്ചായത്തിന്റെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 10/11.01.2023) മറുപടി നൽകിയിട്ടുണ്ട്.

1. വാടക സംബന്ധിച്ച ബൈലോ അംഗീകരിക്കുന്നതിനായി 30.10.2017 ൽ ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് അപേക്ഷ നൽകിയിട്ടും നാളിതുവരെ അംഗീകാരം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. പഞ്ചായത്തിന്റെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സബ് രജിസ്ട്രാർ ഓഫീസ് 2021-22 ൽ വാടക അടവാക്കിയിട്ടില്ലെന്നു കാണുന്നു. പ്രതിമാസ വാടകയായി നിശ്ചയിച്ചത് 8630/-(ജിഎസ് ടി കൂടാതെ) രൂപയായിരുന്നു. 2021-22 ൽ 103560 രൂപ വാടക കുടിശികയായി അവശേഷിക്കുന്നു. 2019 മുതലുള്ള വാടക സർക്കാരിൽ നിന്ന് ഇതുവരെ നിശ്ച്ചയിച്ച ലഭ്യമകാത്തതിനാലാണ് വാടക ഈടാക്കാൻ സാധിക്കാത്തത്. ആയത് ത്വരിതപ്പെടുത്തുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. പഞ്ചായത്ത് കെട്ടിടം വാടകയ്ക്ക് ഉപയോഗിച്ചു വന്ന കെഎസ്ഇബി നിലവിൽ മുറി ഒഴിവായിട്ടുണ്ടെങ്കിലും മുൻവർഷത്തെ 5789 രൂപ വാടക കുടിശിക ഇനത്തിൽ അടവാക്കാനവശേഷിക്കുന്നു. 31.05.2021 ലെ 7/1 നമ്പർ കമ്മറ്റി തീരുമാനപ്രകാരം മേൽ കുടിശിക ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രികയിലും വാടക രജിസ്റ്ററിലും അതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മേൽ വിഷയങ്ങളിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## 1-17 ഇ-ടെണ്ടർ ഫോറവില 2016-17 സാമ്പത്തിക വർഷം മുതലുള്ള തുക അക്കൌണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല

5 ലക്ഷത്തിന് മുകളിലുള്ള പ്രവൃത്തികൾ ഇ-ടെണ്ടർ വഴിയാണ് നടപ്പാക്കി വരുന്നത്. ഇ-ടെണ്ടറുകളിൽ ടെണ്ടർഫാറവില, ഇ.എം.ഡി തുടങ്ങിയവ എക്സിക്യൂട്ടീവ് എഞ്ചിനീയർ, കോട്ടയം ജില്ലാ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ആണ് നിലവിൽ നിക്ഷേപിക്കുന്നത്. 2016-17 മുതൽ2021-22വർഷം വരെ ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ വഴി നിർവ്വഹണം നടത്തിയ പ്രോജക്റ്റുകളുടെ ടെണ്ടർഫാറവില (80600രൂപ)അസി .എൻജിനീയറുടെ അക്കൌണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല.
ചീഫ് എഞ്ചിനീയറുടെ 17-08-2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBIയിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് അസി .എൻജിനീയറുടെപേരിൽ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അക്കൌണ്ടിൽ മിനിമം ബാലൻസ് 10000/-രൂപ ഇല്ലാത്തതിനാലും ആണെന്നാണ് ഓഡിറ്റ് അന്വേഷണ കുറിപ്പിന്(1/9.1.2023) മറുപടി ലഭ്യമാക്കിയത്. പ്രസ്തുത മിനിമം ബാലൻസ്അസി .എൻജിനീയറുടെ അക്കൌണ്ടിൽ ഇല്ലാത്തതിനാൽ പഞ്ചായത്തിന്റെ തനതുഫണ്ടിൽ തുക ക്രഡിറ്റു ചെയ്യാവുന്നതാണ്.

## 1-18 കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവന രേഖകൾ പരിപാലിക്കുന്നില്ല

ഗ്രാമപഞ്ചായത്തിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ടെക്നിക്കൽ അസിസ്റ്റന്റിന് തൻവർഷം ആർജിതാവധി അനുവദിച്ചിട്ടുണ്ട്. ടെക്നിക്കൽ അസിസ്റ്റന്റിന് (തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 05.01.2018 ലെ ഐബി1/344/2016-തസ്വഭവ നമ്പർ കത്ത് പ്രകാരം 30 ആർജിതാവധി ഒരു വർഷം സറണ്ടർ ചെയ്യാം) 15 ആർജിതാവധിയാണ് സറണ്ടർ ചെയ്യുവാൻ അനുവദിച്ചിട്ടുള്ളത്. മേൽ ജീവനക്കാരിയുടെ സേവനപുസ്തകം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 12/12.01.2023) നാളിതുവരെ ടി ജീവനക്കാരിയുടെ സേവനപുസ്തകം തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലായെന്നും ഉടൻ തന്നെ ആരംഭിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് ഓവർസിയർ, അക്കൗണ്ടന്റ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ എന്നീ കരാർ ജീവനക്കാരുടേയും സേവനപുസ്തകമോ സേവനരേഖകളോ പഞ്ചായത്തിൽ ലഭ്യമല്ല. സേവന വിവരങ്ങളും ഡ്യൂട്ടി കാലയളവ് കൃത്യമായി പരിശോധിച്ച് ആർജിച്ച അവധിയും സറണ്ടർ ചെയ്ത ആർജ്ജിതാവധിയും ഉൾപ്പെടെയുള്ള ലീവ് അക്കൗണ്ടുകളും സേവനപുസ്തകത്തിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും നടപടികൾ സ്വീകരിച്ച് ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-19 ഗ്യാസ് ക്രിമറ്റോറിയം - ഉദ്ഘാടനം - ചെലവ് അധികരിച്ചു

കിടങ്ങൂർ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ആരംഭിച്ച ഗ്യാസ് ക്രിമറ്റോറിയത്തിന്റെ ഉദ്ഘാടനം 06.03.2022 ൽ ബഹു. മന്ത്രി വി എൻ വാസവൻ നിർവ്വഹിച്ചു. സർക്കാർ ഉത്തരവ് (സാധാ) നം. 3666/2015/തസ്വഭവ തീയതി 28.12.2015 പ്രകാരം മന്ത്രിമാർ പങ്കെടുക്കുന്ന ഉദ്ഘാടന ചടങ്ങിന് പരമാവധി 25000/- രൂ ചെലവഴിക്കാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ മേൽ ചടങ്ങിന് വൌച്ചർ നം. 52101045/27.03.2022 പ്രകാരം 80970/- രൂ ചെലവഴിച്ചിട്ടുണ്ട്. ചെലവ് തുക നിശ്ചിത പരിധിയിൽ അധികരിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (03/11.03.2023) 60 ലക്ഷം അടങ്കലിൽ പൂർത്തീകരിച്ച മേൽ പദ്ധതി സമീപ ഗ്രാമപഞ്ചായത്തുകളിലൊന്നും ഇല്ലാത്തതിനാൽ എല്ലായിടത്തും പരസ്യപ്രചാരണം നടത്തുകയും ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ ഉൾപ്പെടുത്തിയ പദ്ധതിയായതിനാൽ ടി തദ്ദേശ സ്ഥാപനങ്ങളിലെ പ്രമുഖ വ്യക്തികളെയെല്ലാം ചടങ്ങിൽ ക്ഷണിച്ചിരുന്നെന്നും മറുപടി നൽകിയിട്ടുണ്ട്. കൂടാതെ കോവിഡ് മഹാമാരി മൂലം മുൻ രണ്ട് വർഷങ്ങളിൽ മറ്റ് ഉദ്ഘാടന ചടങ്ങുകൾക്ക് തുക

ചെലവഴിച്ചിരുന്നില്ല എന്നും മറുപടി സമർപ്പിച്ചിട്ടുണ്ട്. ഏറെ പ്രയോജനപ്രദവും സദുദ്ദേശപരവുമായ മേൽ പ്രവൃത്തി കൃത്യമായി പൂർത്തീകരിച്ചിട്ടുള്ളതാണ്. വരും വർഷങ്ങളിൽ ഇത്തരം ഉദ്ഘാടന ചടങ്ങുകളുടെ ചെലവ് സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധി ലംഘിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1-20 പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾ കണ്ടെത്താനായി പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

പഞ്ചായത്തിന്റെ വിവിധ വാർഡുകളിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ എല്ലാ മാസവും ടാപ്പിന്റെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ 37672 രൂപ (82 ടാപ്പുകൾക്ക്) വാട്ടർ അതോറിറ്റിയിൽ അടവാക്കിവരുന്നു. ജി.ഒ(ആർ.ടി)നം.1801/2006തസ്വഭവ/23.6.2006 മാർഗ്ഗരേഖയിൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനവും വാട്ടർ അതോറിറ്റിയും സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ മാത്രം വെള്ളക്കരം ഒടുക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (13/12.01.2023) സംയുക്ത പരിശോധന നടത്തുന്നതിന് 18.11.2022 ൽ കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രവർത്തനക്ഷമമായ പൊതുടാപ്പുകൾ കണ്ടെത്താനായി പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും ആയതനുസരിച്ച് വെള്ളക്കരം പുനർനിർണ്ണയിക്കേണ്ടതുമാണ്.

1-21 ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം- തുടർ നടപടികൾ കൈക്കൊള്ളുന്നതിൽ കാലതാമസം.

കിടങ്ങൂർ ഗ്രാമപഞ്ചായത്ത് ബസ് ബേയ്ക്ക് സമീപം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിയ്ക്കുന്നതിന് രൂപീകരിച്ചിട്ടുള്ള പദ്ധതിയുടെ (2018-19ലെ പ്രോജക്ട് നം185/19-,2019-20ലെ പ്രോജക്ട് നം174/20,2020-21ലെ പ്രോജക്ട് നം197/21,2021-22-ലെ പ്രോജക്ട് നം178/22) ടെൻഡർ നടത്തി നിർമ്മാണത്തിനായി അംഗീകരിച്ച കരാറുകാരനുമായി അസി.എൻജിനീയർ കരാറിൽ ഏർപ്പെട്ടിരുന്നു. എന്നാൽ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിയ്ക്കവെ കെ.എസ്.എച്ച്.ബി സമർപ്പിച്ചിരുന്ന പ്ലാനിനനുസരിച്ച് സെറ്റ് ഔട്ട് ചെയ്യുപ്പോൾ കെട്ടിടം നിശ്ചിത സ്ഥലത്ത് ഉൾക്കൊള്ളാത്ത സാഹചര്യം ഉണ്ടായി . തുടർന്ന് പുതിയ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനിച്ചു. സ്ഥലത്തെ മണ്ണിന്റെ ഘടനയനുസരിച്ച് ഡിസൈനിൽ വ്യത്യാസം വരുത്തി പുതിയ പ്ലാൻ ടെൻഡർ തുകയ്ക്കനുസരിച്ച് തയ്യാറാക്കിയപ്പോൾ ഡിസൈനിലുള്ള മാറ്റം മൂലം ഗ്രൗണ്ട് ഫ്ളോർ പൂർണ്ണമായി നിർമ്മിയ്ക്കാൻ സാധിയ്ക്കുകയില്ലാതെ വന്നു.

ആയതിനാൽ അധികമായി ഒരു പുതിയ പദ്ധതി തയ്യാറാക്കി ഡിപിസി അംഗീകാരം വാങ്ങിയിരുന്നു. ഇപ്രകാരം തയ്യാറാക്കിയ റിവൈസ്ഡ് എസ്റ്റിമേറ്റ് ടെൻഡർ തുകയെക്കാൾ അധികരിച്ചതിനാൽ സാങ്കേതിക വിഭാഗത്തിൽ നിന്നും അനുമതി ലഭിച്ചില്ല. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സെക്രട്ടറിയും സംയുക്തമായി 05.05.2021ലെ A2-4031/13നം കത്ത് പ്രകാരം ചീഫ് എൻജിനീയർക്ക് ആയത് സംബന്ധിച്ച വ്യക്തതയ്ക്കായി കത്ത് നൽകുകയും ആയതിൻമേൽ14.07.2021-ൽ ഡി.ബി6/14771/ 2017സി.ഇ എൽ ഐ ഡി &ഇ.ഡബ്ല്യൂ നമ്പരായുള്ള മറുപടി ലഭിച്ചു. സാങ്കേതികാനുമതി നൽകിയ എസ്റ്റിമേറ്റിൽ നിന്നും വ്യതിചലിച്ച് കുറഞ്ഞ തുകയ്ക്ക് ടെൻഡർ ക്ഷണിച്ച് കരാറിൽ ഏർപ്പെട്ട പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി ഭേദഗതി ചെയ്യ് അനുമതി നൽകുന്നതിന് നിലവിലെ മാനദണ്ഡങ്ങൾ അനുവദിയ്ക്കുന്നില്ല എന്നായിരുന്നു ചീഫ് എൻജിനീയറുടെ മറുപടി. ടെൻഡർ ചെയ്ത സമയത്തെ പ്ലാനിലുള്ള അപാകതകളും തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റിന് അനുമതി ലഭിയ്ക്കാത്തതും മൂലം നിലവിലുള്ള പദ്ധതിയുമായി മുന്നോട്ട് പോകുന്നത് അപ്രായോഗികവും വിവേകരഹിതവുമായ കാര്യമാണെന്നും കൂടാതെ കാലഘട്ടത്തിനിണങ്ങിയ പുതിയ പ്ലാൻ തയ്യാറാക്കണമെന്ന ഭരണസമിതിയുടെ താൽപര്യവും കണക്കിലെടുത്തും ചീഫ് എൻജിനീയറുടെ കത്തിന്റെ അടിസ്ഥാനത്തിലുള്ള അസിസ്റ്റന്റ് എൻജിനീയറുടെ കത്ത് പരിഗണിച്ചും നിലവിലുള്ള പദ്ധതി ഉപേക്ഷിയ്ക്കുന്നതിനും ലക്ഷ്യ പ്രാപ്തി കൈവരിയ്ക്കുന്ന വിധത്തിൽ

പുതിയ പദ്ധതി കൈവരിയക്കുന്നതിനും 10.08.2021-ലെ 9/1,2-നമ്പർ കമ്മറ്റി തീരുമാനിച്ചിരുന്നു.

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാന വർദ്ധനവും വികസനവും ലക്ഷ്യമാക്കി ബസ്സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി തീരുമാനിച്ച് 2028-19സാമ്പത്തിക വർഷം മുതൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. (ഓഡിറ്റ് വർഷം-പ്രോജക്ട് നം 178/22വകയിരുത്തിയ തുക 120,00,000(3000000- തനതുഫണ്ട്,9000000- ലോൺ)നിലവിൽ പ്രസ്തുത വിഷയം നിയമസഭാ സമിതിയുടെ (2019-20സമാഹൃത ഓഡിറ്റ് റിപ്പോർട്ട്)പരിഗണനയിലാണ്. കമ്മറ്റിയുടെ തീരുമാനത്തിൻമേലുള്ള തുടർനടപടികൾ സമിതിയുടെ അനുവാദത്തോടുകൂടി നടപ്പിലാക്കുന്നതിലുള്ള കാലവിളംബം ഒഴിവാക്കി പഞ്ചായത്തിന്റെ സ്വപ്നപദ്ധതി സാക്ഷാത്കരിയ്ക്കാനുള്ള അടിയന്തിര നടപടി കൈക്കൊള്ളേണ്ടതാണ്.

## 1-22 തെരുവ് നായ പ്രജനന നിയന്ത്രണം - കുടുംബശ്രീ ജില്ലാ മിഷന് തുക കൈമാറൽ - പൂർത്തീകരണ വിവരം പഞ്ചായത്തിൽ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം | 95/22 |
| ചെലവ് | 210000 (വികസനഫണ്ട് (പൊതു വിഭാഗം))<br>ബിൽ നം - 12/27.06.21) |
| നിർവ്വഹണം | സെക്രട്ടറി |

നൂറ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനുള്ള തുക എബിസി പ്രോഗ്രാമിന്റെ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് കൈമാറി. പ്രവർത്തനം നടത്തുന്നതിനായി ജില്ലാ കുടുംബശ്രീ മിഷന്റെ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് 11/08/21 ന് പുതുപ്പള്ളി ഗ്രാമപഞ്ചായത്തിലെ നന്മ കുടുംബശ്രീ യൂണിറ്റിന് പ്രവർത്തനാനുമതി നൽകി. എന്നാൽ തുകയുടെ വിനിയോഗ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ 210000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 ഹരിത കർമ്മസേനാ പ്രവർത്തനങ്ങൾക്കായി ഇ-ഓട്ടോ വാങ്ങൽ - ലോഗ് ബുക്ക് എഴുതി സൂക്ഷിക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്ട് നം | 220/22 |
| ചെലവ് | 100000 (സി എഫ് സി)<br>300000 (കേന്ദ്രാവിഷ്കൃതം)<br>26958 – തനത് ഫണ്ട്<br>ആകെ- 426958<br>(ബിൽ നം -371/18.03.22) |
| ഇൻവോയ്സ് നം | DIEV21000077/11.03.22 , കുറ്റുകാരൻ ഗ്രൂപ്പ് , കൊച്ചി |
| നിർവ്വഹണം | സെക്രട്ടറി |

ഹരിതകർമ്മ സേനാംഗങ്ങൾ വീടുകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യം എംസിഎഫിൽ എത്തിക്കുന്നതിനാണ് ഇ- ഓട്ടോ നിലവിൽ ഉപയോഗിച്ച് വരുന്നത്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നൽകിയാണ് വാഹനം ഉപയോഗപ്പെടുത്തേണ്ടത്. എന്നാൽ നിലവിൽ ആംബുലൻസ് ഡ്രൈവർ തന്നെയാണ് വാഹനം ഓടിക്കുന്നത്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് പരിശീലനം നൽകി ഡ്രൈവിംഗിന് സജ്ജരാക്കേണ്ടതാണ്. കൂടാതെ വാഹന ഓട്ടം രേഖപ്പെടുത്തുന്നതിന് ലോഗ്ബുക്ക് സൂക്ഷിക്കേണ്ടതുമാണ്.

## 1-24 മത്സ്യകൃഷി - ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം.,പേര് | 41/21-22, മത്സ്യകൃഷി വികസനം |
| ചെലവ് | 59200/- (വികസന ഫണ്ട്-ജനറൽ) |
| ബിൽ നം. | 01/21-22/08.02.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

മേൽ പ്രോജക്ടിൽ ഉൾപ്പെടുത്തി 2021-22 വർഷം 2 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ ,സ .ഉ. (സാധാ )നം . 1009/2020/ത സ്വ ഭ വ / തീയതി : 29.05.2020, സർക്കുലർ നമ്പർ -ആർ സി .3/293/2020/ ത സ്വ ഭ വ / തീയതി : 12.10.2020] ഖണ്ഡിക - 8 പ്രകാരം മത്സ്യകൃഷിയെ ഫിഷറീസ് വകുപ്പിന്റെ ഇൻഷ്വറൻസിന്റെ ഭാഗമാക്കേണ്ടതാണ്. ടി പദ്ധതിയിലെ ഗുണഭോക്താക്കൾ നടത്തിയ മത്സ്യകൃഷി ഇൻഷ്വർ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 14/12.01.2023) നിലവിൽ ഫിഷറീസ് വകുപ്പ് മത്സ്യകൃഷിക്ക് ഇൻഷ്വറൻസ് നൽകി ഏർപ്പെടുത്തിയിട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുണ്ട്. തുടർ വർഷങ്ങളിലെ പ്രോജക്ടുകളിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഹരിതമിത്രം - സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം - പ്രവർത്തനം പൂർത്തീകരിക്കേണ്ടതാണ്

| | |
|---|---|
| പ്രോജക്ട് നം | 273/22 |
| ചെലവ് | 172179 (സി എഫ് സി)<br>32721 (തനത് ഫണ്ട്)<br>ആകെ- 204900<br>(ബിൽ നം – 416/25-03-22) |
| നിർവ്വഹണം | സെക്രട്ടറി |

ഹരിതകർമ്മ സേനാംഗങ്ങൾ മുഖേന വീടുകളിൽ നിന്നും കടകളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് അജൈവ മാലിന്യത്തിന്റെ വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്തുന്ന സംവിധാനമാണിത്. പ്രോജക്ടിന്റെ ഭാഗമായി ഓഫീസ് ഉപയോഗത്തിന് ലാപ് ടോപ്പ് , വീടുകളിൽ പതിപ്പിക്കുന്നതിന് 9000 ക്യൂ ആർ കോഡ് എന്നിവ കെൽട്രോണിൽ നിന്നും ലഭ്യമായിട്ടുണ്ട് . ഹരിതസേനാംഗങ്ങൾക്കുള്ള ട്രെയിനിംഗ് , സാങ്കേതിക സഹായം എന്നിവയ്ക്കായി പ്രോജക്ട് അസിസ്റ്റന്റിനെ ബ്ലോക്ക് ഓഫീസ് തലത്തിൽ നിയമിച്ചിട്ടുണ്ട്. 03/09/22 ൽ ക്യൂ ആർ കോഡ് എൻറോൾമെന്റ് ആരംഭിച്ചു. എൻറോൾമെന്റ് , സബ്സ്ക്രിപ്ഷൻ , സേവനം എന്നീ മൂന്ന് ഘട്ടങ്ങളിലൂടെയാണ് സ്മാർട്ട് ഗാർബേജ് പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടത്. നിലവിൽ 80% കെട്ടിടങ്ങളുടെയും സബ്സ്ക്രിപ്ഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങളുടെ സാങ്കേതിക പരിജ്ഞാനമില്ലായ്മ മൂലമാണ് മാലിന്യ ശേഖരണം പൂർണ്ണമായും ആപ്ലിക്കേഷനിലേയ്ക്ക് മാറ്റാൻ കഴിയാത്തത് എന്ന് ഓഡിറ്റ് എൻക്വയറി നം. 5(2)/11.01.23 ന് നൽകിയ മറുപടിയിൽ പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകി സ്മാർട്ട് ഗാർബേജ് മോണിട്ടറിംഗ് സിസ്റ്റം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-26 വിവിധ കുടിവെള്ളപദ്ധതികൾക്ക് മോട്ടോർ വാങ്ങി നൽകൽ - വിശദാംശങ്ങൾ ലഭ്യമായില്ല

സെക്രട്ടറി നിർവഹണോദ്യോഗസ്ഥനായി പ്രോജക്ട് നം . 162/22 പ്രകാരം പാദുവ - ചെമ്പിളാവ് കുടിവെള്ള പദ്ധതി, പ്രോജക്ട് നം . 163/22 പ്രകാരം മറ്റ് 9 കുടിവെള്ള പദ്ധതികൾ എന്നിവയ്ക്കായി പഴയ

പമ്പ് മാറ്റി പുതിയ സബ്മേഴ്സിബിൾ പമ്പ് സ്ഥാപിക്കാൻ യഥാക്രമം 93750 രൂപ ( സി എഫ് സി, ബിൽ നം .138/30-10-21) , 463540 രൂപ ( സി എഫ് സി , ബിൽ നം 139/30-10-21 - ) ചെലവഴിച്ചിട്ടുണ്ട് . പ്രോജക്ട് സംബന്ധിച്ച് ചുവടെ ചേർക്കുന്ന വിവരങ്ങൾ ലഭ്യമായില്ല.

1. പ്രോജക്ട് നം . 163/22 പ്രകാരമുള്ള 9 കുടിവെള്ള പദ്ധതികളുടെ വിവരം.

2. പ്രസ്തുത കുടിവെള്ളപദ്ധതികൾ കൈമാറിയിട്ടുള്ള ഗുണഭോക്തൃസമിതികൾ രജിസ്ട്രേഷൻ പുതുക്കുന്നതിന്റെ വിശദാംശങ്ങൾ. മോട്ടോർ മാറ്റാനായി ഗുണഭോക്തൃസമിതികളുടെ അപേക്ഷ.

3.സബ്മേഴ്സിബിൾ പമ്പ് സ്ഥാപിച്ചത് സംബന്ധിച്ച വാർഡ് മെമ്പറുടെ സാക്ഷ്യപത്രം / മോണിട്ടറിങ്ങ് സമിതി റിപ്പോർട്ട്.

4. പഴയ പമ്പുകൾ പുനർലേലം നടത്താൻ നടപടി സ്വീകരിച്ചതിന്റെ വിവരം.

വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (6/11.01.23) മറുപടി ലഭ്യമായില്ല. വിശദാംശങ്ങളുടെ അഭാവത്തിൽ രണ്ട് പ്രോജക്ടുകൾക്കുമായി ചെലവഴിച്ച 557290 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-27 വകയിരുത്തിയ ഫണ്ട് അനുവദിക്കാതിരുന്നതിനാൽ സബ്സിഡി തുക പൂർണ്ണമായും വിതരണം ചെയ്തില്ല

| | | |
|---|---|---|
| പദ്ധതി നം. | S00268/2022 | |
| പദ്ധതി | ആട് വിതരണം (വനിത) | |
| അടങ്കൽ | 2,10,000/- | 30,000/- (വികസന ഫണ്ട് - ജനറൽ) |
| | | 75,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| | | 1,05,000/- (ഗുണഭോക്തൃവിഹിതം ) |
| ചെലവ് | 1,52,000/- | 75,000/- (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) |
| | | 77,000/- (ഗുണഭോക്തൃവിഹിതം ) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജ്ജൻ, കിടങ്ങൂർ | |

ഗ്രാമ പഞ്ചായത്തിന്റെ പ്രസ്തുത പദ്ധതിയിൽ, ആടിന്റെ യൂണിറ്റ് കോസ്റ്റായ 14,000/- രൂപയിൽ 50% സബ്സിഡിയെന്ന പ്രകാരം, 7000/- സബ്സിഡി തുകയും 7000/- രൂപ ഗുണഭോക്തൃവിഹിതവുമായാണ്, തിരഞ്ഞെടുക്കപ്പെട്ട '11' ഗുണഭോക്താക്കൾക്കായി പദ്ധതി നിർവ്വഹണം നടത്തിയിട്ടുള്ളത്. പാമ്പാടി ബ്ലോക്ക് പഞ്ചായത്ത് വിഹിതമിനത്തിൽ അടങ്കൽ തുകയായ 75,000/- രൂപയിൽ, 75,000/- രൂപയും ചെലവഴിച്ചിട്ടുണ്ട്. വികസന ഫണ്ട് [ജനറൽ] അടങ്കൽ തുകയായ 30,000/- രൂപയിൽ നിന്നും 2000/- രൂപ അനുവദിച്ചുനൽകുവാൻ, 5052200301210024 / 24.03.2022 നം. റിക്വസിഷൻ നൽകിയെങ്കിലും ആയത് അപ്രൂവായി ലഭ്യമായില്ലെന്ന്, കിടങ്ങൂർ ഗ്രാമ പഞ്ചായത്ത് സീനിയർ വെറ്ററിനറി സർജ്ജൻ, ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയിട്ടുള്ള 40/2022/ 24.03.2022 നം. കത്തിൽ പരാമർശിച്ചിരിക്കുന്നു. ഫണ്ട് അപ്രൂവായി ലഭ്യമാകാത്തതിനാൽ, പദ്ധതി ഗുണഭോക്താവായ ശ്രീമതി. കൊച്ചുറാണി ജോസുകുട്ടി, ചേലക്കാട്ടിൽ, ചെമ്പിളാവ് എന്നയാൾ തന്റെ ഗുണഭോക്തൃവിഹിതമായ 7000/- രൂപ, 22.03.2022 തീയതിയിൽ [ബുക്ക് നം. 5698/ രസീത് നം. 49 പ്രകാരം] അടവാക്കിയെങ്കിലും 2021-2022 സാമ്പത്തിക വർഷം സബ്സിഡി തുക പൂർണ്ണമായും ലഭ്യമാകാത്ത സാഹചര്യം ഉണ്ടാകുകയും, 2000/- രൂപയുടെ ശേഷിക്കുന്ന സബ്സിഡി തുക റിലീസ് ചെയ്യുന്നതിന് ടി പദ്ധതി 2022-2023 വർഷം സ്പിൽ ഓവറായി

തുടരേണ്ട സാഹചര്യവുമുണ്ടായി. 22.03.2022 തീയതിയിൽ ഗുണഭോക്തൃവിഹിതം അടവാക്കി, ഒൻപത് മാസങ്ങൾക്ക് ശേഷവും ,ശേഷിക്കുന്ന സബ്സിഡി തുക റിലീസ് ചെയ്തുനൽകിയിട്ടുണ്ടോയെന്നത് സംബന്ധിച്ചും, പദ്ധതിയുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും ഉണ്ടായ അപാകത സംബന്ധിച്ചും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് [19/12.01.2023], മറുപടി ലഭ്യമായിട്ടുണ്ട്. തുക അനുവദിച്ചുനൽകുവാൻ, 5052200301210024 / 24.03.2022 നം. റിക്വസിഷൻ നൽകിയെങ്കിലും ആയത് അനുവദിച്ച് ലഭ്യമാക്കാത്തതിനാൽ, 2021-22 വർഷത്തിൽ 5000/- രൂപ മാത്രമാണ് സബ്സിഡിയിനത്തിൽ നൽകിയതെന്നും, അവശേഷിച്ച 2000/- നൽകുന്നതിനായി 2022-23 സ്പിൽ ഓവർ പദ്ധതിയുടെ ഭാഗമായി 11.01.2023 ൽ റിക്വസിഷൻ അയയ്ക്കുകയും 207/11.01.2023 നം. പ്രകാരം അലോട്ട്മെന്റ് ലഭിക്കുകയും ചെയ്തിട്ടുണ്ടെന്നും, ശേഷിക്കുന്ന സബ്സിഡി തുക ഗുണഭോക്താവിന് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും നിർവ്വഹണ ഉദ്യോഗസ്ഥന്റെ മറുപടി ലഭ്യമായിട്ടുണ്ട്. വകയിരുത്തിയ തുക അനുവദിക്കാഞ്ഞതിനാൽ ഗുണഭോക്താവിന് സമയബന്ധിതമായി സബ്സിഡി തുക പൂർണമായും നൽകാതിരുന്നതും, പദ്ധതി സ്പിൽ ഓവറാക്കി തുടരേണ്ടിവന്ന സാഹചര്യം ഉണ്ടായതും ക്രമപ്രകാരമല്ല. പദ്ധതിയുടെ ആസൂത്രണത്തിലും, നിർവ്വഹണത്തിലും ഉണ്ടായ വീഴ്ച, തുടർ വർഷങ്ങളിൽ അവർത്തിക്കാതിരിക്കുന്നതിന്, ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റിയുടേതുൾപ്പെടെയുള്ള പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-28 കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ.

കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ ഗവ. എൽ.പി ബി സ്കൂളിലാണ് സ.ഉ.(സാധാ)നം. 1364/2020 തസ്വഭവ തീയതി 16.07.2020 പ്രകാരം ഡിസിസി പ്രവർത്തിച്ചിരുന്നത്.
ഡിസിസി/സിഎഫ് എൽ റ്റി സി നടത്തിപ്പിനായി750496രൂപ 2021-22 വർഷം വരെ ഗ്രാമപഞ്ചായത്ത് കോവിഡ് പ്രവർത്തനങ്ങൾക്കായി ചെലവഴിച്ചിരുന്നു. 422690രൂപ ഉത്തരവുകൾ പ്രകാരം ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയിൽ (DDMA) നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണം, ട്രാൻസ്പോർട്ടേഷൻ, കുടിവെള്ളം, സ്റ്റേഷനറി (മെഡിക്കൽ ഉൾപ്പെടെ), മൊബൈൽ ഫോൺ ചാർജിങ്ങ്, ക്ലീനിംഗ് & റിപ്പയർ, ഭക്ഷണം, ഹോണറേറിയം വൈദ്യുതി ചാർജ്ജ് എന്നീ ഇനങ്ങൾക്കായാണ് തുക ചെലവഴിച്ചത്.

| ചെലവഴിച്ച തുക | വരവുവന്ന തുക |
|---|---|
| 250000 (പ്രോജക്ട്) | 115733(2021-22) |
| 500496(തനതുഫണ്ട്) | 406957(2022-23) |
| ആകെ -750496 | ആകെ-422690 |

കോവിഡ് പ്രവർത്തന ഫണ്ട് നിക്ഷേപിക്കുന്നതിനായി അയർക്കുന്നം സബ് ട്രഷറിയിൽ അക്കൗണ്ട് 03/08/2020-ൽ തുടങ്ങിയിരുന്നു. പ്രസ്തുത അക്കൗണ്ടിലൂടെയായിരുന്നു പണമിടപാട് നടത്തിയിരുന്നത്. 2 2021-22 വർഷം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി രസീത് മുഖേന സംഭാവന ശേഖരിച്ചിരുന്നില്ല. സാധന സാമഗ്രികളായാണ് സംഭാവനകൾ കൂടുതലും ലഭ്യമായത്. ഇതു സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നു.
ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പാലിച്ച് നടപ്പിലാക്കിയ ഗ്രാമപഞ്ചായത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ വളരെ ഫലപ്രദമായിരുന്നുവെന്നാണ് ഓഡിറ്റിന് ലഭ്യമായ രേഖകളിൽ നിന്ന് വ്യക്തമാകുന്നത്.

## 1-29 വയോജന വിശ്രമകേന്ദ്രം - ആവശ്യകത നിർണ്ണയിച്ചില്ല.

| | |
|---|---|
| പ്രൊജക്ടിന്റെ നമ്പർ, പേര് | 189/22 വയോജന വിശ്രമകേന്ദ്രം അധിക സൌകര്യം- |
| വകയിരുത്തിയ തുക | 341357/- |

| | |
|---|---|
| ചെലവഴിച്ച തുക, വൌച്ചർ/ബിൽനമ്പർ, തിയ്യതി | 341357/- 146/ 3.11.2021 (Basic Grant CFC) |
| എം. ബുക്ക് | 773/20 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. എഞ്ചിനീയർ |
| കോൺട്രാക്ടർ – | ശ്രീ ഷാജി എബ്രഹാം |
| എഗ്രിമെന്റ് നമ്പർ | 51/AE/LSGD/KDR 20-21 Dtd 20.02,2021 |

നിലവിലുള്ള കെട്ടിടത്തിൽ അധിക സൗകര്യം ഏർപ്പെടുത്തുന്നതിന് 2021-22 ൽ വിഭാവനം ചെയ്ത മേൽ പ്രോജക്ട് പ്രകാരം രണ്ടാം വാർഡിലെ അങ്കണ വാടി കോമ്പൗണ്ടിൽ തെക്ക വടക്കായി സ്ഥിതിചെയ്യുന്ന കെട്ടിടത്തിന് മൂന്ന് റൂമുകളുടെ മെയിന്റനൻസ് , ഫ്ളോറിംഗ്, ഡാഡൂയിംഗ് വിത്ത് സെറാമിക്ക് വാൾ റൈൽസ് , Plubmbing And Sanitory Facilities എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത് . ഇതിനായി 341357/-- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വയോജനങ്ങളുടെ വിശ്രമത്തിനും വിനോദത്തിനുമായി മറ്റ് അടിസ്ഥാനസൗകര്യങ്ങൾ ഒന്നും ഒരുക്കിയിട്ടില്ല എന്ന് കണ്ടു. സ്ഥലം നേരിൽ പരിശോധിച്ചതിലും വർക്ക് ഫയലുകൾ പരിശോധിച്ചതിലും കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. ജില്ലാപഞ്ചായത്തിന്റെ പകൽ വീട് നിലനിൽക്കെ വയോജന വിശ്രമ കേന്ദ്രം ഒരുക്കിയത് ആവശ്യകത നിർണ്ണയിക്കാതെയാണെന്നു കാണുന്നു.

2. പുതിയ കെട്ടിടത്തിന്റ വയറിംഗ്, പ്ലംബിംഗ് ജോലികൾ, എന്നിവ പൂർത്തീകരിച്ചിട്ടില്ല.

3. മഴക്കാലത്ത് ചുവരിനോട് ചേർന്ന് വെള്ളം കയറുന്ന പ്രസ്തുത സ്ഥലം വയോജന വിശ്രമ കേന്ദ്ര നിർമ്മിതിക്ക് അനുയോജ്യമാണോ എന്ന് പരിശോധിക്കപെട്ടിട്ടില്ല.

4. നിലവിൽ പകൽവീട് ആരംഭിയ്ക്കുന്നതിന് വേണ്ടി പണികഴിപ്പിച്ചിട്ടുള്ള കെട്ടിടങ്ങൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയതിനുശേഷം മാത്രമെ ഇതിനായി പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടുള്ളു എന്ന് പതിമൂന്നാം പഞ്ചവൽസര പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 6.5 ൽ വ്യക്തമാക്കിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(22/13.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കെട്ടിടം പ്രയോജനപ്രദമാക്കുന്നതിന് നടപടി സ്വീകരിക്കാതെയാണ് വീണ്ടും മറ്റൊരു വയോജനവിശ്രമകേന്ദ്രം ഇതേ സ്ഥലത്ത് നിർമ്മിച്ചിട്ടുള്ളത്. കെട്ടിട നിർമ്മാണം പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിയ്ക്കുന്നതു വരെ ഓഡിറ്റു വർഷം ചെലവഴിച്ച 341357/-രൂപ തടസ്സപ്പെടുത്തുന്നു. ത്രിതല പഞ്ചായത്തുകൾ സംയോജിതമായി നടപ്പിലാക്കുന്ന പ്രോജക്ടുകളെക്കുറിച്ച് വ്യക്തമായ ധാരണ ഇല്ലാത്തതുമൂലം കെട്ടിടങ്ങൾ നിഷ്ക്രിയാസ്തികൾ ആകുന്നതിന്റെ സാഹചര്യം ഒഴിവാക്കേണ്ടതാണ്. കമ്മറ്റിയുടെ സജീവ ശ്രദ്ധ പ്രസ്തുത വിഷയത്തിലേയ്ക്ക് ക്ഷണിയ്ക്കുന്നു.

## 1-30 മാലിന്യ സംസ്കരണം - തുടർനടപടികളുടെ കാര്യക്ഷമതയില്ലായ്മ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം അനുസരിച്ചും, 1986 ലെ പരിസ്ഥിതി (സംരക്ഷണം) നിയമത്തിൻ കീഴിൽ 2016 ലെ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങളുടെ വ്യസ്ഥകൾ പ്രകാരവും പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണത്തിനുള്ള അധികാരവും ഉത്തരവാദിത്തവും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 219 ഇ വകുപ്പ് അനുസരിച്ച് തദ്ദേശസ്വയം ഭരണ സ്ഥാപന പരിധിയിൽ ഉണ്ടാകുന്ന മാലിന്യങ്ങൾ സ്ഥാപനത്തിന്റെ സ്വത്തായിരിക്കുന്നതും നിർണ്ണയിക്കപ്പെടാവുന്ന രീതികളിൽ അവ നിർമ്മാർജ്ജനം ചെയ്യാനോ സംസ്കരിക്കാനോ, അന്തിമമായി അവ നീക്കം ചെയ്യുന്നതിനോ ഉള്ള ചുമതല തദ്ദേശസ്വയം ഭരണ സ്ഥാപനത്തിന് ഉണ്ടായിരിക്കുന്നതാണ്. സർക്കാർ പ്രഖ്യാപിച്ച വികസന മിഷനുകളിൽ ഒന്നായ

ഹരിത കേരള മിഷന്റെ ദൗത്യങ്ങളിൽ ഒന്നാണ് ശുചിത്വവും മാലിന്യ സംസ്കരണവും. ജി.ഒ(സാധാ)2420/17/തസ്വഭവ/ 15.07.2017 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ചാണ് മാലിന്യ നിർമ്മാർജന പദ്ധതികൾ നടപ്പിലാക്കേണ്ടത്. മേൽ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പഞ്ചായത്ത് ഡയറക്ടർ അംഗീകരിച്ചിട്ടുണ്ട്. മേൽ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനായി ഗ്രാമപഞ്ചായത്തിൽ 2021 ഒക്ടോബർ മാസത്തിൽ ഹരിതകർമ്മസേന രൂപീകരിച്ചിട്ടുണ്ട്. നിലവിൽ 27പ്രവർത്തകർ ആണ് ഹരിതകർമ്മസേനയിൽ ഉള്ളത്.

പഞ്ചായത്തിലെ മുഴുവൻ ജനങ്ങളെയും മാലിന്യസംസ്കരണം സംബന്ധിച്ച് ബോധവൽക്കരണം നടത്തി പദ്ധതിയിലേക്ക് ആകർഷിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ച് നടത്തപ്പിലാക്കേണ്ടതാണ്. ജനപ്രതിനിധികളും ആരോഗ്യ ശുചിത്വ സാമൂഹിക പ്രവർത്തകരും ഹരിതകർമ്മ സേനാംഗങ്ങളോടൊപ്പം എല്ലാ വീടുകളിലും കയറി ബോധവൽക്കരണം നടത്തുകയും എല്ലാ ജനങ്ങളെയും ഹരിതകർമ്മസേനാ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുകയും ചെയ്യുന്നത് നന്നായിരിക്കും. ശുചിത്വ പരിപാലനത്തിനും, ഒ.ഡി.എഫ് സ്റ്റാറ്റസ് നിലനിർത്തുന്നതിന്റെ ഭാഗമായും ഗ്രാമപഞ്ചായത്തിൽ ഒ.ഡി.എഫ് പദ്ധതി മുഖേന നിലവിലും പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കികൊണ്ടിരിക്കുന്നു.

സ്ഥാപനത്തിന് സ്ഥിരമായ എം .എസി.എഫ് യൂണിറ്റ് ഇല്ല.

22.74 ച. കി. മീറ്റർ വിസ്തൃതിയും 5543(പദ്ധതി രേഖ പ്രകാരം) കുടുംബങ്ങളും, 342 (സഞ്ചയ സ്റ്റോറ്റ് വെയറിലെ വിവരങ്ങൾ പ്രകാരം) ഓളം വാണിജ്യ -വ്യവസായ സ്ഥാപനങ്ങളും ഉള്ള ഗ്രാമപഞ്ചായത്തിൽ സ്ഥിരമായ എം.സി.എഫ് യൂണിറ്റ് നിർമ്മാണം ആരംഭിച്ചിട്ടേയുള്ളൂ. നിലവിൽ തുമ്പൂർ മുഴി മോഡൽ എയ്റോബിക് യൂണിറ്റ് കെട്ടിടത്തിൽ താൽക്കാലിക എം.സി.എഫ് ആണ് ഉള്ളത്. നിർമ്മാണത്തിലിരിയ്ക്കുന്ന എം.സി.എഫ് യൂണിറ്റിന് ബെയിലിംഗ് മെഷീൻ, ഷ്റെഡിംഗ് മെഷീൻ എന്നിവ സ്ഥാപിയ്ക്കുന്നതിന് എസ്റ്റിമേറ്റിൽ തുക വകയിരുത്തിയിട്ടില്ല. കെട്ടിടനിർമ്മാണം പൂർത്തിയായാലും നിലവിലുള്ളതു പോലെ അജൈവ മാലിന്യ സംഭരണം മാത്രമെ പ്രാവർത്തികമാകൂ.

മാലിന്യ -ശുചിത്വ പ്രവർത്തനങ്ങൾക്ക് ലഭിച്ച തുകകൾ ചെലവഴിക്കാതെ സൂക്ഷിക്കുന്നു

മാലിന്യ ശുചിത്വ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും മറ്റും മുൻവർഷങ്ങളിൽ ലഭിച്ച വിവിധ ഫണ്ടുകൾ നിലവിലും വിനിയോഗിക്കാതെ ബാലൻസ് ഷീറ്റിൽ കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

ശുചിത്വ മിഷൻ ഗ്രാന്റ് - 2,63,356/-

ഖരമാലിന്യ സംസ്കരണം-2,14,786/-

മേൽ വിവരിച്ച തുകയിൽ ഭൂരിഭാഗവും പഞ്ചായത്തിന്റെ തനതുഫണ്ട് ബാങ്ക് അക്കൗണ്ടുകളിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഈ തുക നിലവിലും ഉപയോഗപ്പെടുത്താത്തതിന്റെ കാരണവും, ഉപയോഗപ്പെടുത്താത്ത തുക തിരികെ നൽകാത്തതിന്റെ കാരണവും വിശദീകരിക്കേണ്ടതാണ്

ഹരിത മിത്രം സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം -തുടർപ്രവർത്തനങ്ങൾ -സംബന്ധിച്ച്

മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ സുതാര്യവും, ലളിതവുമാക്കുന്നതിന് നൂതന സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പദ്ധതിയാണ് ഹരിത മിത്രം സമാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ക്യൂ.ആർ കോഡ് അധിഷ്ഠിതപ്പെടുത്തിയുള്ള പ്രവർത്തനത്തിൽ എത്ര വാസഗൃഹങ്ങൾ, എത്ര വാണിജ്യ - വ്യവസായ സ്ഥാപനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല. പ്രസ്തുത പ്രവർത്തനം പൂർണ്ണമാക്കുകയാണെങ്കിൽ ഹരിത കർമ്മസേനയുടെ പ്രവർത്തനം, കൃത്യമായ ഇടവേളകളിൽ ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും, മാലിന്യം കത്തിക്കൽ, വലിച്ചെറിയൽ തുടങ്ങിയ പരാതികൾ അധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനും, തുടർ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുന്നു. കൂടാതെ വസ്തുനികുതി, തൊഴിൽനികുതി, ലൈസൻസ് തുടങ്ങിയ തനത് വരുമാനം സ്രോതസിന്റെ കൃത്യത ഉറപ്പ് വരുത്തുന്നതിനും ഇതിലൂടെ സാധ്യമാവുന്നതിനുള്ള നടപടികളും

സ്വീകരിക്കാവുന്നതാണ്.

1-31 കിടങ്ങൂർ ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പൻസറി, കിടങ്ങൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ S0022/ 2022 നം. പദ്ധതി പ്രകാരം, ഹോമിയോ ഡിസ്പൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിലേയ്ക്കായി 1,50,000/- രൂപ മെയിന്റനൻസ് [റോഡിതരം] ഫണ്ടിൽ വകയിരുത്തുകയും, 17.08.2021 -ലെ 03/2021-22 നം. ബിൽ പ്രകാരം 1,50,000/- രൂപ, The Kerala State Homeopathic Co-operative Pharmacy Ltd - ന്റെ 34306403911 [SBI] നം. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ, മുഴുവൻ തുകയ്ക്കുള്ള മരുന്നുകളുടെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ലാത്തതും, സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായും പരിശോധനയിൽ വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട മരുന്നുകളുടെ വിവരം (തുക) | ലഭ്യമായ ഇൻവോയ്സ് പ്രകാരം, ലഭിച്ച മരുന്നുകളുടെ വിവരം (തുക) ഇൻവോയ്സ് നം./ തീയതി/ തുക | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം (തുക) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| ഹോമിയോ ഡിസ്പൻസറി, കിടങ്ങൂർ | 1,50,000/- | LF-1200/02.12.2021 : 45,331/-<br>LF-391/21.07.2021 : 65,027/- | 39,642/- | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പൻസറി, കിടങ്ങൂർ |
| ആകെ | 1,50,000/- | 1,10,358/- | 39,642/- | |

മരുന്നുകൾ പൂർണ്ണമായി ലഭിക്കാത്ത സാഹചര്യത്തിൽ, ലഭിക്കാനുള്ള മരുന്നുകളുടെ വിലയിനത്തിൽ നൽകിയ 39,642/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ബന്ധപ്പെട്ട ഇൻവോയ്സുകൾ ഉൾപ്പെടെ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-32 സാന്ത്വനം പാലിയേറ്റിവ് പരിചരണ പദ്ധതി - മുഴുവൻ തുകയ്ക്കുള്ള മരുന്ന് ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കുടല്ലൂർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ സാന്ത്വനം പാലിയേറ്റിവ് പരിചരണ പദ്ധതിയുടെ ഭാഗമായി [നം. S0019/ 2022] മരുന്ന് വാങ്ങുന്നതിലേയ്ക്കായി, 30.06.2021 -ലെ 02/2021-22 നം. ബിൽ പ്രകാരം 1,20,156/- രൂപ, KMSC Ltd - ന്റെ 3624001800000019 നം. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. എന്നാൽ, മുഴുവൻ തുകയ്ക്കുള്ള മരുന്നുകളുടെ ഇൻവോയ്സ് ഫയലിൽ ലഭ്യമല്ലാത്തതും, സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടുള്ളതായും പരിശോധനയിൽ വ്യക്തമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആവശ്യപ്പെട്ട മരുന്നുകളുടെ വിവരം (തുക) | ലഭ്യമായ ഇൻവോയ്സ് പ്രകാരം, ലഭിച്ച മരുന്നുകളുടെ | ലഭിക്കാനുള്ള മരുന്നുകളുടെ വിവരം (തുക) | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|

| | | വിവരം (തുക) | | |
|---|---|---|---|---|
| കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൂടല്ലൂർ | 1,20,156/- | 1,16,017/- | 4,139/- | മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, കൂടല്ലൂർ |
| ആകെ | 1,20,156/- | 1,16,017/- | 4,139/- | |

മരുന്നുകൾ പൂർണ്ണമായി ലഭിക്കാത്ത സാഹചര്യത്തിൽ ലഭിക്കാനുള്ള മരുന്നുകളുടെ വിലയിനത്തിൽ നൽകിയ 4,139/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് ബന്ധപ്പെട്ട ഇൻവോയ്സുകൾ ഉൾപ്പെടെ പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-33 കന്നുകുട്ടി പരിപാലന പദ്ധതി - ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പദ്ധതി നം. | SOO 73/2022 |
| പദ്ധതി | കന്നുകുട്ടി പരിപാലന പദ്ധതി |
| ഫണ്ട് ഇനം | ഡവലപ്മെന്റ് ഫണ്ട് - ജനറൽ<br>സംസ്ഥാനവിഹിത ഫണ്ട്<br>ഗുണഭോക്തൃവിഹിതം |
| അടങ്കൽ | ഡവലപ്മെന്റ് ഫണ്ട് - ജനറൽ : 4,68,750/-<br>സംസ്ഥാനവിഹിത ഫണ്ട് : 4,68,750/-<br>ഗുണഭോക്തൃവിഹിതം : 9,37,500/-<br>ആകെ തുക : 18,75,000/- |
| ചെലവ് | 4,68,750/-<br>[ഡവലപ്മെന്റ് ഫണ്ട് - ജനറൽ] |
| ബിൽ നം./തീയതി | 04/2021-22/27.11.2021 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സീനിയർ വെറ്ററിനറി സർജ്ജൻ, കിടങ്ങൂർ |

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട്, 4,68,750/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് [ട്രഷറി അകൗണ്ട് നം. 708011400000050] ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ടെങ്കിലും, ബന്ധപ്പെട്ട വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത സാഹചര്യത്തിൽ, ഡവലപ്മെന്റ് ഫണ്ട് - ജനറൽ ഫണ്ടിനത്തിൽ നടത്തിയിട്ടുള്ള 4,68,750/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

1-34 വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

1.

| | |
|---|---|
| പ്രോജക്റ്റ് നം | 12/22 , സമഗ്ര ശിക്ഷാ കേരളം |
| ചെലവ് | 300000 രൂപ വികസനഫണ്ട് (പൊതു) |

| | |
|---|---|
| | (ബിൽ നം . 17/03.07.21) |

2.

| | |
|---|---|
| പ്രോജക്ട് നം | 02/22 , ഐ കെ എം വെബ്സൈറ്റ് ഷെയർ |
| ചെലവ് | 54797 രൂപ<br>വികസനഫണ്ട് (പൊതു)<br>(ബിൽ നം . 09/18.06.21) |

ക്രമ നം . 1 പ്രകാരം ജില്ലാ പ്രോജക്ട് ഓഫീസർ , എസ് എസ് കെ , കോട്ടയം ത്തിന് കൈമാറിയ തുകയുടേയും ക്രമ നം .2 പ്രകാരം ഐ കെ എം ന് കൈമാറിയ തുകയുടെയും വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്തിൽ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാകുന്നത് വരെ ആകെ ചെലവഴിച്ച 354797 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|
| 2021-22 | 06/01/2023 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

സംയുക്ത പ്രോജക്ടിനായി പാമ്പാടി ബ്ലോക്ക് പഞ്ചായത്ത്, കോട്ടയം ജില്ലാ പഞ്ചായത്ത്, എന്നീ സ്ഥാപനങ്ങളിൽ നിന്ന് വിഹിതം ലഭിച്ചത് പഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നുണ്ട്. 2021-22 ൽ ഫണ്ടിന്റെ വിനിയോഗം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| വിഹിതം | തുക | ലഭിച്ച | പ്രോജക്ടിന്റെ | ചെലവ് | ബാക്കി |
|---|---|---|---|---|---|

| നല്കിയ സ്ഥാപനം | ലഭിച്ച വർഷം | തുക | പേര്(നം.) | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത്, പാമ്പാടി | 2021-22 | 190,000/- | സമഗ്ര നെൽകൃഷി വികസനം (31/22) | 190,000/- | 0 |
| | 2021-22 | 75000/- | ആട്ടുവിതരണം(268/22) | 75000/- | |
| | 2021-22 | 222773 | ഭിന്നശേഷിയുള്ളവർക്ക് പഠന സഹായം (26/22) | 222773 | 0 |
| | 2021-22 | 320000/- | ലൈഫ് മിഷൻ പാർപ്പിട പദ്ധതി - പട്ടികജാതി വിഭാഗം (43/22) | 320000/- | 0 |
| | 2021-22 | 720000/- | ലൈഫ് മിഷൻ പാർപ്പിട പദ്ധതി മൂന്നാം ഘട്ടം-ജനറൽ (42/22) | 720000/- | 0 |
| | 2021-22 | 113000 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി - പട്ടികവർഗ്ഗ വിഭാഗം (166/22) | 113000 | |
| | 2021-22 | 200000 | അങ്കണവാടിയ്ക്ക് അനുപൂരക പോഷകാഹാര പരിപാടി (25/22) | 200000 | |
| | 2021-22 | 400000 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ്(23/22) | 400000 | |
| ഒട്ടാകെ | | 2240773 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2240773 | 2240773 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 2021-22 | 219262 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി - പട്ടികജാതി വിഭാഗം (43/22) | 219262 | 0 |
| | 2021-22 | 1882706 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി മൂന്നാം ഘട്ടം-ജനറൽ (42/22) | 1882706 | 0 |
| | 2021-22 | 22000 | ലൈഫ് മിഷൻ പാർപ്പിട പദ്ധതി - പട്ടികവർഗ്ഗ വിഭാഗം (166/22) | 22000 | 0 |

| | | | | | |
|---|---|---|---|---|---|
| | 2021-22 | 600000 | ഭിന്നശേഷിയുള്ളവർക്ക് പഠന സഹായം (26/22) | 600000 | 0 |
| | 2021-22 | 400000 | അങ്കണവാടിയ്ക്ക് അനുപൂരക പോഷകാഹാര പരിപാടി (25/22) | 400000 | 0 |
| | 2021-22 | 99000 | ക്ഷീരകർഷകർ അളക്കുന്ന പാലിന് ഇൻസെന്റീവ്(23/22) | 99000 | 0 |
| ആകെ | | 3222968 | ജില്ല പഞ്ചായത്ത് വിഹിതം | 3222968 | - |

മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന ഓരോ ഗ്രാന്റ്/വിഹിതം ശീർഷകത്തിലും അക്കൗണ്ട് ചെയ്യുന്ന ഫണ്ടിന്(പ്രോജക്ട് മാപ്പിങ്ങിലൂടെയും നേരിട്ടും) എ.സി.ആർ.-ൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യമായി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തിക വർഷത്തെയും കണക്കുകളുടെ സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കെഎസ്ഇബി | 50/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 449946 | 449946 | - |
| കെഎസ്ഇബി | 140/22ചെമ്പിളാവ് പാലം സ്ട്രീറ്റ് മെയിൻ വലിക്കൽ സ്ഥാപിക്കൽ | 99899 | 99899 | -- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 വർഷം കൺവീനർ മുഖേന നടപ്പാക്കുന്ന പ്രവൃത്തികൾക്ക് ഗുണഭോക്തൃ സമിതിക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2021-22 വർഷം പഞ്ചായത്തിന് KURDFC വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വർഷാരംഭത്തിൽ | തൻ | തൻവർഷം | വർഷാവസാനം |
|---|---|---|---|---|---|

| പേര്/ഉദ്ദേശ്യം | നമ്പർ/തിയ്യതി | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | വർഷം എടുത്ത വായ്പ | തിരിച്ചടച്ച തുക | | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ വായ്പ(KURDFC) | G.O(MS) 68/2018/LSGD 18.05.2018 | 2,206,739/- | 240000/- | | 1202667- | 12,44,072 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

നിക്ഷേപ സർട്ടിഫിക്കറ്റ്, സ്ഥിരനിക്ഷേപ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൻ പ്രകാരമുള്ള 2021-22 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 698,310/-- |
| തൻവർഷം നിക്ഷേപിച്ച തുക(FD പലിശ) | 34,394/- |
| ആകെ | 732704/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 31/03/2022-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 732704/- |

സ്ഥിരനിക്ഷേപം പലിശ 34,394/- രൂപ മുതലിൽ ചേർത്ത് പുതുക്കുകയാണ് ചെയ്യുന്നത്. സ്ഥിരനിക്ഷേപത്തിന്റെ ബാങ്ക്, FD അക്കൗണ്ട് നമ്പർ എന്നിവ താഴെ കൊടുക്കുന്നു.

| | |
|---|---|
| നിക്ഷേപിച്ച ബാങ്ക് | Canara Bank |
| ബാങ്ക് ശാഖ(കോഡ്) | കിടങ്ങൂർ(4675) |
| എഫ്. ഡി. അക്കൌണ്ട് നം. | 4675401000085/8 |
| വാർഷിക പലിശ | 5.10% |
| നിക്ഷേപ കാലാവധി | 17/09/2022 |

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 5-3-6(1) | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല. | ഖണ്ഡിക നിയമസഭാ സമിതി പരിഗണിച്ചു. |

| | | | | | |
|---|---|---|---|---|---|
| 2018-19 | 3-1 | 2019-20 Part-I | കോട്ടയം ജില്ല ഖണ്ഡിക-1 | ഷോപ്പിംഗ് കോംപ്ലക്സ് കം-ബസ് സ്റ്റാന്റ് നിർമ്മാണം-11.75 ലക്ഷം രൂപ കൺസൾട്ടൻസി ഫീസിനത്തിൽ ചെലവഴിച്ചിട്ട് മൂന്ന് വർഷം- നിർമ്മാണം ആരംഭിച്ചിട്ടില്ല | ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുവാനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായതായി പഞ്ചായത്ത് അറിയിച്ചു. |
| 2019-20 | 1-25 | 2020-21 Part-I | | മുൻകൂർ ഒടുക്കിയ തുകയ്ക്കുള്ള മരുന്ന് പൂർണമായും ലഭിച്ചില്ല- 64,335/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. | മരുന്നുകൾ ലഭ്യമായിട്ടില്ല. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികയുടെ വിശദാംശം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നം./ തീയതി | ഖണ്ഡിക നം. | തുക | ഉദ്യോഗസ്ഥന്റെ പേരും വിലാസവും |
|---|---|---|---|---|
| 2009-10 & 2010-11 | എൽഎഫ്.കെ.പി7/991/12 തീയതി-11/01/2013 | 3-5ബി | 17,806/- | ശ്രീ.ജോഷി ജോസഫ്, അസിസ്റ്റന്റ് എഞ്ചിനീയർ, ചെത്തിമറ്റത്തിൽ വീട്, വഞ്ചിമല പി.ഒ., കാഞ്ഞിരപ്പള്ളി- 686508. |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) | :111317997 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 73076153 |
| വരവിനങ്ങളിലുള്ള നഷ്ടം | :ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | :ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | :1975975 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 210000 | ശ്രീമതി ജിജി റ്റി, സെക്രട്ടറി |
| 1-26 | 557290 | ശ്രീ. രാജീവ് എസ്.കെ. സെക്രട്ടറി |
| 1-29 | 341357 | ശ്രീമതി സിന്ധുദേവി സി.എസ്, അസി.എഞ്ചിനീയർ |
| 1-31 | 39642 | ഡോ.ജിൻസി കുര്യാക്കോസ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 1-32 | 4139 | ഡോ.ആർ.രേഖ, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| 1-33 | 468750 | ഡോ.ആർ ഉഷ, വെറ്ററിനറി സർജൻ |
| 1-34 | 54797 | ശ്രീമതി ജിജി റ്റി, സെക്രട്ടറി |
| 1-34 | 300000 | ശ്രീ. അനീഷ് കുമാർ റ്റി, സെക്രട്ടറി (ഇൻചാർജ്) |
| ആകെ | 1975975 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(1)/2022 /04.08.2022 | 1 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(2)/2022 /04.08.2022 | 1 |

| | | |
|---|---|---|
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(3)/2022 /04.08.2022 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(4)/2022 /04.08.2022 | 1 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(5)/2022 /04.08.2022 | 2 |
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/583/22 /01.06.2022 | 1 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(6)/2022 /04.08.2022 | 5 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി12/619/16/ 19.08.2016/23.08.2016 | 2 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/816(1)/2022 /04.08.2022 | 4 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(7)/2022 /04.08.2022 | 9 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/884(8)/2022 /04.08.2022 | 3 |
| 2017-18 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/816(2)/2022 /04.08.2022 | 11 |
| 2018-19 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/816(3)/2022 /04.08.2022 | 16 |
| 2019-20 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2022/816(4)/2022 /04.08.2022 | 17 |
| 2020-21 | കെ.എസ്.എ.-കെ.ടി.എം.പി13/1715/21/ 08.08.2022 | 29 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്